**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1123** **18-01-2021 - ൽ മറുപടിയ്ക്ക്**

**കളൻ തോട്- കുളിമാട് റോഡ് നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Shri G. Sudhakaran**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | കിഫ്ബിയിൽ നിന്നും 25 കോടി അനുവദിച്ച് പ്രവൃത്തി ആരംഭിച്ച കളൻ തോട്-കുളിമാട് റോഡ് കരാറുകാരൻ ഉപേക്ഷിച്ച് പോയതിനാൽ നിലച്ചു പോയതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കരാറുകാരൻ ജോലി പാതിവഴിയിൽ നിർത്തിയതിനാൽ പ്രസ്തുത റോഡിലൂടെയുള്ള ഗതാഗതം ഏറെ പ്രയാസകരമാണെന്ന പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | അടിയന്തരമായുള്ള അറ്റകുറ്റപ്പണികൾക്ക് നോൺപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബി പ്രവൃർത്തി തുടരുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ടോ; | (സി) | പുതുക്കിയ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ഡി) | പുതുക്കിയ പ്രൊപ്പോസലിനുള്ള നടപടികൾ ഫീൽഡ് ഓഫീസുകളിൽ ത്വരിതഗതിയിൽ നടന്നുവരുന്നു. അത് കേരള റോഡ് ഫണ്ട് ബോർഡിൽ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ പി.എഫ്.എം.എസ് പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുന്നതാണ്. |
| (ഇ) | റോഡ് പ്രവർത്തി മുടങ്ങിപ്പോയത് കാരണം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രവർത്തി പുനരാരംഭിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക യോഗം വിളിച്ചുചേർത്ത് തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | റോഡ് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ